# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

**2026 ഏപ്രിൽ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.**

---

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.
2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.
3. **ആമുഖം :**

**പ്രിയപ്പെട്ടവരെ,**

**ഈസ്റ്റർ കഴിഞ്ഞ ഈ ദിവസങ്ങളിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മോടും അതേ ചോദ്യം ചോദിക്കുന്നു നീ മാറിയോ? നാം പള്ളിയിൽ ഹല്ലേലൂയാ പാടി, കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ് ആഘോഷിച്ചു; എന്നാൽ നമ്മുടെ ജീവിതത്തിൽ മാറ്റമുണ്ടായോ? നമ്മുടെ കുടുംബങ്ങളിൽ, നമ്മുടെ യുവജനങ്ങളിൽ, നമ്മുടെ സമൂഹത്തിൽ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രകാശം എത്തിയോ? ഇല്ലെങ്കിൽ , ഈസ്റ്റർ ഇന്നും നമ്മുടെ ഹൃദയത്തിന്റെ വാതിൽക്കൽ കാത്തുനില്ക്കുകയാണ്. ഇന്ന് നമ്മുടെ സമൂഹത്തെ നിശബ്ദമായി നശിപ്പിക്കുന്ന ഏറ്റവും വലിയ സാത്താന്റെ ശക്തികളിൽ ഒന്നാണ് ലഹരി ഉപയോഗം. അത് ഒരു കൊടുങ്കാറ്റുപോലെ പെട്ടെന്ന് വരാറില്ല; മറിച്ച് ഒരു വിഷപാമ്പിനെപ്പോലെ പതുക്കെ വീടുകളിലേക്ക് കടന്നുവരുന്നു. ചിലപ്പോൾ അത് ഒരു സുഹൃദത്തിന്റെ മുഖം ധരിക്കുന്നു. ചിലപ്പോൾ ആഘോഷത്തിന്റെ പേരിൽ വരുന്നു. ചിലപ്പോൾ ഒരിക്കൽ മാത്രം , എല്ലാവരും ചെയ്യുന്ന കാര്യമാണ് , ഒന്നും സംഭവിക്കില്ല എന്ന വാക്കുകളിലൂടെയാണ് അത് കടന്നുവരുന്നത്. എന്നാൽ പിന്നീട് അത് ഒരു കുട്ടിയുടെ ചരി കവർന്നെടുക്കുന്നു. ഒരു വിദ്യാർത്ഥിയുടെ ഭാവി തകർക്കുകയും ഒരു കുടുംബത്തിന്റെ സമാധാനം ഇല്ലാതാക്കുന്നു. ഒരു അമ്മയുടെ കണ്ണുനീരായി മാറുന്നു. തിരുവചനം നമുക്ക് മുന്നറിയിപ്പു നൽകുന്നു. മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണ് കള്ളൻ വരുന്നത്; ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനാകാനും അത് സമൃദ്ധിയായി ഉണ്ടാകാനുമാണ് (വി.യോഹ 10:10). ലഹരി**

കള്ളനെപ്പോലെയാണ് അത് നമ്മുടെ ആരോഗ്യവും പഠനവും വിശ്വാസവും കുടുംബവും ഭാവിയും മോഷ്ടിക്കുന്നു. എന്നാൽ യേശു നൽകുന്നത്

ജീവനും സ്വാതന്ത്ര്യവും പുതിയ തുടക്കവുമാണ്. നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? (1 കോറി 6:19) എന്ന് വിശുദ്ധ പൗലോസ് നമ്മോട് ചോദിക്കുന്നു. ദൈവം തന്റെ ആത്മാവിനെ വസിപ്പിക്കാൻ തിരഞ്ഞെടുത്ത ഈ ശരീരത്തെ നശിപ്പിക്കാനോ മലിനമാക്കാനോ നമുക്ക് അവകാശമില്ല. ഒരു ദൈവാലയം നാം എത്ര കരുതലോടെയാണ് കാത്തുസൂക്ഷിക്കുന്നത്! എന്നാൽ അതിലും അധികം കരുതലോടെ നാം നമ്മുടെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും സംരക്ഷിക്കണം. കാരണം നാം ഒരു സാധാരണ മനുഷ്യരല്ല; നാം ദൈവത്തിന്റെ ആലയമാണ്. ജാഗരൂകരായിരിപ്പിൽ (1 പത്രോസ് 5:8) എന്ന് തിരുവചനം പറയുന്നു. കാരണം സാത്താൻ ഒരിക്കലും ഭയപ്പെടുത്തുന്ന രൂപത്തിൽ വരില്ല; പലപ്പോഴും അവൻ സൗഹൃദത്തിന്റെ മുഖം ധരിച്ചും, ആനന്ദത്തിന്റെ വാഗ്ദാനം നൽകികൊണ്ടും ഒന്നും സംഭവിക്കില്ല എന്ന കള്ളവിശ്വാസത്തോടെയും വരും.

അതുകൊണ്ട് തിരുവചനം വീണ്ടും പറയുന്നത്: അധമമായ സംസർഗം സദാചാരങ്ങളെ ദുഷിപ്പിക്കും(1 കൊറി 15:33). തെറ്റായ സൗഹൃദം, ഏകാന്തത, സ്നേഹക്കുറവ്, മാതാപിതാക്കളുടെ ശ്രദ്ധക്കുറവ് ഇവയാണ് പല യുവാക്കളെയും അറിയാതെ ലഹരിയിലേക്ക് തള്ളിവിടുന്നത്. പക്ഷേ, ഇതെല്ലാം കഴിഞ്ഞിട്ടും പ്രത്യാശ അവസാനിക്കുന്നില്ല. കാരണം ഉയിർത്തെഴുന്നേറ്റ യേശു ഇന്നും ശവക്കല്ലറകൾ തുറക്കുന്നു. ലഹരിയിലും ഇരുട്ടിലും വീണുപോയ ഒരാളുടെയും ജീവിതം അവസാനിച്ചിട്ടില്ല. ലാസറിനെ കല്ലറയിൽ നിന്ന് വിളിച്ചപോലെ, ഇന്നും യേശു ഓരോ യുവാവിനോടും പറയുന്നു പുറത്തുവരിക! (വി. യോഹ 11:43). മഗ്ദലേനയെ മാറ്റിയ കർത്താവിന് സക്കായിയെ മാറ്റിയ കർത്താവിന്, പത്രോസിനെ മാറ്റിയ കർത്താവിന്, ഇന്നത്തെ നമ്മുടെ മക്കളെയും യുവാക്കളെയും മാറ്റാൻ കഴിയും. ഈ മാസത്തെ കുടുംബപ്രാർത്ഥനയുടെ അവസരത്തിൽ നമുക്ക് സ്വയം ചോദിക്കാം: ശൂന്യമായ കല്ലറയുടെ സാക്ഷികളായി മാത്രം നില്ക്കാനാണോ നാം ആഗ്രഹിക്കുന്നത്? അല്ലെങ്കിൽ മാറ്റപ്പെട്ട ജീവിതത്തിന്റെ സാക്ഷികളാകാനോ? കാരണം ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ഏറ്റവും വലിയ അത്ഭുതം കല്ലറ തുറന്നതല്ല; മനുഷ്യഹൃദയങ്ങൾ തുറന്നതാണ്.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ''എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 23 : 16**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.

*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : 1 കോറി 6:1220**

8. **വചനവിചിന്തനം :-**

പ്രിയപ്പെട്ടവരെ,

<u>ലഹരി ഉപയോഗം- വിശദമായ ധ്യാനവും ആത്മപരിശോധനയും</u>

1. <u>നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയം</u>

ഒരു ദൈവാലത്തിന്റെ അൽത്താര ആരെങ്കിലും തകർക്കുകയയോ, അതിന്റെ ചുമരുകൾ മലിനമാക്കുകയോ, അവിടെ തീകൊളുത്തുകയോ ചെയ്താൽ നമുക്ക് സഹിക്കാനാകുമോ? ഇല്ല. കാരണം, അത് ദൈവം വസിക്കുന്ന സ്ഥലമാണ്. എന്നാൽ ദൈവം കല്ലുകൊണ്ട് പണിത ദൈവാലയങ്ങളിൽ മാത്രം വസിക്കുന്നില്ല. അവൻ അതിലും വിശുദ്ധമായ ഒരു ആലയം തിരഞ്ഞെടുത്തു അത് മനുഷ്യന്റെ ശരീരമാണ്. നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?. നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല (1 കൊറി 6:19). ഈ വചനത്തെക്കാൾ മഹത്തായൊരു സത്യം മറ്റൊന്നില്ല. സ്വർഗ്ഗത്തിന്റെ ദൈവം തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ ശരീരത്തെയാണ്. ഇത് ദൈവം വസിക്കുന്ന ദൈവാലയമാണ്. നമ്മുടെ ഹൃദയം ദൈവം തന്റെ സ്നേഹം എഴുതി വെച്ചിരിക്കുന്ന അൽത്താരയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മണ്ണുകൊണ്ട് ഒരു രൂപം ഉണ്ടാക്കി അതിന്റെ ജീവശ്വാസം ഊതി. അതുകൊണ്ട് മനുഷ്യന്റെ ഓരോ ശ്വാസവും ദൈവത്തിന്റെ സമ്മാനമാണ്; ഓരോ ഹൃദയമിടിപ്പും ദൈവത്തിന്റെ സംഗീതമാണ്; ഓരോ കണ്ണുനീരും ദൈവം കേൾക്കുന്ന പ്രാർത്ഥനയാണ്. ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു (ഉൽപത്തി 1:27). അതിനാൽ നമ്മെ നശിപ്പിക്കുക എന്നത് ഒരു ശരീരം നശിപ്പിക്കുന്നതല്ല; ദൈവം തന്റെ കൈകളാൽ നിർമ്മിച്ച ഒരു വിശുദ്ധ ആലയം നശിപ്പിക്കുന്നതാണ്. ലഹരി അതുകൊണ്ടാണ് ഒരു ആരോഗ്യപ്രശ്നം മാത്രമല്ല; അത് ഒരു ആത്മീയ ദുരന്തമാണ്. ഒരു മദ്യക്കുപ്പി, ഒരു സിഗരറ്റ്, ഒരു ഗുളിക, ഒരു ചെറിയ പരീക്ഷണം– ആദ്യം അവ നിസ്സാരമായി തോന്നാം. എന്നാൽ ഒരു ചെറിയ തീപ്പൊരി മുഴുവൻ വീടും കത്തിക്കുന്നതുപോലെ, ഒരിക്കൽ മാത്രം എന്ന് തുടങ്ങുന്ന ഒരു തെറ്റായ തീരുമാനം മുഴുവൻ ജീവിതവും ചാരമാക്കാൻ കഴിയും. ലഹരി ശരീരത്തെ മാത്രം തകർക്കുന്നില്ല; അത് മനസ്സിന്റെ തെളിച്ചം കെടുത്തുന്നു. ആത്മവിശ്വാസം മുറിവേല്പ്പിക്കുന്നു. കുടുംബത്തിന്റെ സമാധാനം തകർക്കുന്നു. ഒടുവിൽ ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന സ്വപ്നങ്ങളെ മോഷ്ടിച്ചുകളയുന്നു. തിരുവചനം അതുകൊണ്ട് മുന്നറിയിപ്പു നല്കുന്നു; ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ് (1 കൊറി 3:17). ഈ വചനത്തിൽ ദൈവത്തിന്റെ കോപത്തേക്കാൾ, ഒരു പിതാവിന്റെ വേദനയാണ് കേൾക്കുന്നത്. തന്റെ മകൻ നശിച്ചു പോകുന്നത് നോക്കി നിൽക്കുന്ന പിതാവിന്റെ വേദന. കാരണം, ദൈവം നമ്മെ ശിക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല; നമ്മെ രക്ഷിക്കാനാണ് അവൻ ആഗ്രഹിക്കുന്നത്. സഭാപിതാക്കന്മാരും ശരീരത്തിന്റെ വിശുദ്ധിയെക്കുറിച്ച് അതിശക്തമായി സംസാരിച്ചു. വിശുദ്ധ ജോൺ ക്രിസോസ്റ്റം പറയുന്നു; നിന്റെ ശരീരം ദൈവത്തിന്റെ സിംഹാസനമാണ്; അതിനെ അപമാനിക്കരുത്. വിശുദ്ധ ആഗസ്റ്റിൻ പറയുന്നു; ദൈവം നിനക്കു നല്കിയ ശരീരം അവന്റെ ദാനമാണ്; അതിനെ വിശുദ്ധിയോടെ സൂക്ഷിക്കുന്നത് നിന്റെ ഉത്തരവാദിത്തമാണ്. വിശുദ്ധ. ജോൺപോൾ രണ്ടാമൻ തന്റെ ശരീരത്തിന്റെ ദൈവശാസ്ത്രം എന്ന പഠനത്തിൽ മനുഷ്യന്റെ

ശരീരം ദൈവത്തിന്റെ സ്നേഹം ദൃശ്യമാക്കുന്ന ഭാഷയാണെന്ന് പറഞ്ഞുവച്ചു. നമുക്ക് ഒരു നിമിഷം കണ്ണുകൾ അടച്ച് ചിന്തിക്കാം. ഒരു മനോഹരമായ ദൈവാലയം. അകത്ത് വിളക്കുകൾ തെളിയുന്നു. അൽത്താര പ്രകാശിക്കുന്നു. നിശബ്ദത നിറഞ്ഞിരിക്കുന്നു. അവിടെ ദൈവം വസിക്കുന്നു. പിന്നെ തിരുവചനം മൃദുവായി നമ്മോട് പറയുന്നു: ആ ദൈവാലയം നീ തന്നെയാണ് നമുക്ക് സ്വയം ചോദിക്കാം ഞാൻ എന്റെ ശരീരത്തെ എങ്ങനെ കാണുന്നു? ഒരു സാധാരണ ശരീരമായി? അല്ലെങ്കിൽ ദൈവം വസിക്കുന്ന ഒരു വിശുദ്ധ ആലയമായി?

2. നമ്മുടെ ഇടയിൽ വ്യാപകമാകുന്ന ലഹരികളുടെ രൂപങ്ങൾ

ഇന്ന് നമ്മുടെ പ്രദേശങ്ങളിലും, സ്കൂളുകളിലും, കോളേജുകളിലും വ്യത്യസ്ത രൂപങ്ങളിൽ ലഹരികൾ കടന്നുവരുന്നു. ചിലത് തുറന്നാണ്; ചിലത് രഹസ്യമായി. മദ്യപാനം, സിഗരറ്റ്, ബീഡി, പാൻമസാല, ഹാൻസ്, ഗുളിക, ഗാഞ്ച, എം.ഡി.എം.എ (ങഉങഅ), (ഘടഉ സ്റ്റാമ്പുകൾ), ലഹരി ഗുളികകൾ, വൈറ്റ്നർ,പെട്രോൾ, ഗ്ലൂ പോലുള്ള വസ്തുക്കൾ ശ്വസിക്കുന്നത് ഇവയിൽ പലതും ആദ്യം അപകടമില്ലാത്തത് എന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്നു. പ്രത്യേകിച്ച് പാർട്ടി ഡ്രഗ്സ്, ഒരിക്കൽ മാത്രം എന്ന പേരിൽ ഉപയോഗിക്കുന്ന ഗുളികകൾ എന്നിവ വളരെ വേഗത്തിൽ യുവാക്കളെ അടിമകളാക്കുന്നു.

3. എങ്ങനെ ആളുകൾ ഇതിലേക്ക് വീഴുന്നു?

ലഹരിയിലേക്ക് ഒരാൾ ഒരു ദിവസം കൊണ്ട് വീഴുന്നില്ല. പതുക്കെ, അറിയാതെ, പല കാരണങ്ങളിലൂടെ അത് സംഭവിക്കുന്നു.

a) കൗതുകം :- എന്താണ് ഇതിൽ? എന്നൊരു ചിന്ത. പലരും ആദ്യം ഒരു പരീക്ഷണമായി തുടങ്ങുന്നു.

b) തെറ്റായ സൗഹൃദം:- സുഹൃത്തുക്കളുടെ നിർബന്ധം കാരണം പല കുട്ടികളും ആദ്യം ലഹരി പരീക്ഷിക്കുന്നു.

c) ഏകാന്തതയും സ്നേഹക്കുറവും:- വീട്ടിൽ ആരും കേൾക്കുന്നില്ല, ആരും മനസ്സിലാക്കുന്നില്ല എന്ന തോന്നൽ യുവാക്കളെ തെറ്റായ ആശ്വാസത്തിലേക്ക് തള്ളുന്നു.

d) മൈബൈൽ, സിനിമ, സോഷ്യൽ മീഡിയ:- ചില സിനിമകളും വീഡിയോകളും ലഹരിയെ സ്റ്റൈൽ , കൂള്, ഹീറോയിസം എന്ന രീതിയിൽ കാണിക്കുന്നു.

e) മാനസിക സമ്മർദ്ദം:- പഠനഭാരം, പരാജയം, പ്രണയനഷ്ടം, കുടുംബപ്രശ്നങ്ങൾ എന്നിവ കരാണം ചിലർ ലഹരിയിലേക്ക് പോകുന്നു.

f) മാതാപിതാക്കളുടെ ശ്രദ്ധക്കുറവ്:-കുട്ടികൾ എവിടേക്ക് പോകുന്നു, ആരോടൊപ്പമാണ്, എന്താണ് കാണുന്നത്, ആരോടാണ് സാസാരിക്കുന്നത് ഇതെല്ലാം അറിയാതെ പോകുപ്പോൾ അപകടം കൂടുന്നു.

4. <u>ക്രിസ്തീയ ദൃഷ്ടികോണുകളിൽ ലഹരി എന്തുകൊണ്ട് തെറ്റാണ്?</u>

അത് ശരീരത്തെ നശിപ്പിക്കുന്നു ശരീരം ദൈവത്തിന്റെ ആലയമാണ്. അത് സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നു ഒന്നും എന്നെ അടിമപ്പെടുത്തുകയില്ല (1കൊറി6:12). അത് കുടുംബബന്ധങ്ങളെ തകർക്കുന്നു. അത് ദൈവത്തിൽ നിന്ന് അകറ്റുന്നു. അത് പാപത്തിലേക്കും കള്ളത്തിലും, അക്രമത്തിലേക്കും നയിക്കുന്നു. ലഹരി ഒരാളെ മാത്രം നശിപ്പിക്കുന്നില്ല; മുഴുവൻ കുടുംബത്തെയും തകർക്കുന്നു. ഒരു കുട്ടി ലഹരിയിലായാൽ അമ്മ ഉറങ്ങുന്നില്ല; അച്ഛൻ കരയുന്നു; കുടുംബം ഭയത്തോടെ ജീവിക്കുന്നു.

5. <u>എങ്ങനെ ഇതിനെ അതിജീവിക്കാം?</u>

വ്യക്തിപരമായി ഇല്ല എന്ന് പറയാൻ ധൈര്യം വേണം. നല്ല സുഹൃത്തുക്കളെ തിരഞ്ഞെടുക്കുക. പ്രാർത്ഥനയും കുമ്പസാരവും ജീവിതത്തിൽ ഉൾപ്പെടുത്തുക. കളി, വായന, കല, സേവനം തുടങ്ങിയ നല്ല കാര്യങ്ങളിൽ സമയം ചെലവഴിക്കുക. ലഹരിയുടെ തുടക്കം കണ്ടാൽ ഉടൻ സഹായം തേടുക. മാതാപിതാക്കൾ കുട്ടികളോടൊപ്പം ദിവസവും സംസാരിക്കുക. ശാസിക്കുന്നതിലധികം കേൾക്കാൻ പഠിക്കുക. കുട്ടിയുടെ സുഹൃത്തുകളെ അറിയുക. കുടുംബപ്രാർത്ഥന ശക്തമാക്കുക. കുട്ടിയുടെ മൊബൈൽ ഉപയോഗവും, പുറത്ത് പോകലും ശ്രദ്ധിക്കുക.

കുട്ടി തെറ്റിയാൽ വെറുക്കരുത്; സഹായിക്കണം. സുഹൃത്തുക്കൾക്ക് സുഹൃത്തിനെ പരിഹസിക്കരുത്. അവൻ തെറ്റായ വഴിയിലേക്ക് പോകുമ്പോൾ തടയണം. ആവശ്യമെങ്കിൽ മതാപിതാക്കളോടോ അധ്യാപകരോടോ പറയണം. നീ ഒറ്റയാളല്ല ഞാൻ നിന്നോടൊപ്പമുണ്ട് എന്ന വിശ്വാസം നല്കണം. സഭയ്ക്കും
ബിസിസിക്കും യുവജനങ്ങൾക്ക് സമയം കൊടുക്കണം. ബോധവത്ക്കണ ക്ലാസ്സുകൾ നടത്തണം ലഹരിയിൽ വീണവരെ കുറ്റപ്പെടുത്താതെ തിരികെ കൊണ്ടുവരണം. കായികം കല പ്രാർത്ഥന സേവനം എന്നിവയിലൂടെ യുവാക്കളെ കൂട്ടിക്കൊണ്ടുവരണം.

6. <u>ധ്യാനത്തിനുള്ള ചില ചോദ്യങ്ങൾ</u>

ഞാൻ എന്റെ ശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായി കാണുന്നുണ്ടോ?
എന്റെ കുട്ടികളോടും യുവാക്കളോടും ഞാൻ മതിയായ സമയം ചെലവഴിക്കാറുണ്ടോ?
തെറ്റായ സൗഹൃദവും സോഷ്യൽ മീഡിയയും എന്റെ കുടുംബത്തെ ബാധിക്കുന്നുണ്ടോ/ ലഹരിയിലേക്ക് വീണ ഒരാളെ ഞാൻ കുറ്റപ്പെടുത്തുന്നുവോ/ അതോ രക്ഷിക്കാൻ ശ്രമിക്കുന്നുവോ? ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്നിൽ ഒരു പുതിയ മാറ്റം വരുത്താൻ ഞാൻ തയ്യാറാണോ? ഉയിർത്തെഴുന്നേറ്റ യേശു കല്ലറകൾ തുറന്നവനാണ്. അതിനാൽ ലഹരിയിലും നിരാശയിലും വീണുപോയ ഒരാളുടെയും ജീവിതം അവസാനിച്ചിട്ടില്ല. യേശു ഇന്നും പറയുന്നു: പുറത്തുവരിക! നമ്മുടെ യുവാക്കൾ ലഹരിക്കായി ജനിച്ചവരല്ല; അവർ ദൈവത്തിന്റെ മഹത്തായ സ്വപ്നങ്ങൾ നിറവേറ്റാനാണ് ജനിച്ചിരിക്കുന്നത്.

<u>ദൗത്യം ഏറ്റെടുക്കൽ</u>

1. ബിസിസി യൂണിറ്റുകൾ അവരുടെ പരിധിയിൽ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന വ്യക്തികളോ കടകളോ ഉണ്ടെങ്കിൽ അവ നിരോധിക്കണം.
2. ലഹരിയിലേക്ക് വഴുതി പോകുന്ന കുട്ടികളെയും യുവാക്കളെയും കൃത്യസമയത്ത് കണ്ടെത്തി. തിരികെ കൊണ്ടുവരണം (കൗൺസിലിംഗ് & ധ്യാനം)
3. കൂട്ടായ്മയിലെ കുട്ടികൾക്കും യുവാക്കൾക്കും കലകായിക, പ്രാർത്ഥന എന്നിവക്ക് സൗകര്യം ഒരുക്കണം.
4. മാതാപിതാക്കൾ മക്കളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കണം. അവരുടെ സുഹൃത്തുക്കൾ, ശീലങ്ങൾ, വിഷമങ്ങൾ, എന്നിവ മനസ്സിലാക്കി സ്നേഹത്തോടെ കൂടെ നില്ക്കണം.കുട്ടികളുടെ സുഹൃത്തുക്കൾ ആരെങ്കയാണെന്ന് ഉറപ്പാക്കുക.

5. നിങ്ങളുടെ യൂണിറ്റിനുള്ളിൽ ലഹരിക്കോ, മദ്യപാനത്തിനോ അടിമപ്പെട്ടവരെ കണ്ടെത്തി അവരെ ധ്യാനത്തിനോ, ഡി അഡീക്ഷൻ സെന്ററിൽ ചികിൽസയ്ക്കോ കൊണ്ടുപോകാനുള്ള നടപടികൾ ചെയ്യുക.

9. റിപ്പോർട്ട്

10. ഹാജർ

11. അടുത്ത യോഗം നിശ്ചയിക്കുക

12. ചർച്ച

1937 ജൂലൈ 1 മുതലുള്ള രൂപതയുടെ യാത്ര 2027-ൽ എത്തുമ്പോൾ നവതിയിലേക്ക് പ്രവേശിക്കുന്നു. 30032026 തിങ്കളാഴ്ച നടന്ന വൈദീക കൂട്ടായ്മിൽ അതിരൂപതാധ്യക്ഷൻ നിർദ്ദേശിച്ചതനുസരിച്ച് ചുവടെ ചേർത്തിരിക്കുന്ന നവതിയുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ ഓരോ ഇടവകയിലെയും ഓരോ ബി.സി.സി.കൂട്ടായ്മയിൽ ചർച്ചചെയ്ത് ഒരു ചെറിയ റിപ്പോർട്ടായി നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

1. അതിരൂപത പിന്നിട്ട വഴികളിലെ നന്മകൾ ഏതൊക്കെ?
2. അതിരൂപത ശ്രദ്ധിക്കാതെ പോയ മേഖലകൾ ഏതൊക്കെ?

3. നവതി ആഘോഷിക്കുന്ന അതിരൂപതയെ കുറിച്ചുള്ള നിങ്ങളുടെ സ്വപ്നങ്ങൾ/ പദ്ധതികൾ ഏവ?
4. അതിരൂപതയുടെ പ്രവർത്തനങ്ങളിൽ (ശുശ്രൂഷ സംവിധാനം ബി.സി.സി. കമ്മീഷൻ പ്രവർത്തനങ്ങൾ എന്നിവയിൽ) വരുത്തേണ്ട മാറ്റങ്ങൾ/ നവീകരണങ്ങൾ ഏവ?

| |
|---|
| ചആ: പ്രസ്തുത റിപ്പോർട്ട് മേയ് മാസം 10-ാം തീയതിക്കുള്ളിൽ ഇടവക ഓഫീസിൽ എത്തിക്കേണ്ടതാണ്. |

13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ യൗസേപ്പിതാവേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

സകല മാലാഖമാരേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ അന്തോനീസേ : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

സകല വിശുദ്ധരേ :ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.

14. മദ്ധ്യസ്ഥ പ്രാർത്ഥന

ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)

കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

15. ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.

16. സമാപന ഗാനം